പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 838** **20.03.2013 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാറിലെ പുതിയ അണക്കെട്ട്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ജോസഫ് വാഴക്കൻ:<br>ശ്രീ.പാലോട് രവി:<br>ശ്രീ.വർക്കല കഹാർ: | | ശ്രീ. പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (എ) | മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന്റെ പ്രാരംഭനടപടിയായി പദ്ധതി പ്രദേശത്തെ പരിസ്ഥിതി ആഘാത പഠനം (EIA Study) നടത്തേണ്ടതായിട്ടുണ്ട്. പ്രസ്തുത പഠനം നടത്തുന്നതിനു കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി (NOC) ആവശ്യമായതിനാൽ NOC-ക്കുള്ള അപേക്ഷ വനം വകുപ്പിന് സമർപ്പിച്ചു. സംസ്ഥാന വന്യജീവി ബോർഡ് (SBWL) പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള അനുമതിക്കായി ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും, സംസ്ഥാന സർക്കാർ പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ കേന്ദ്ര വന്യജീവി ബോർഡ് (NBWL)-ന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനായി അയച്ചുകൊടുക്കുകയും ചെയ്തു.<br><br>കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും എൻ.ഒ.സി കിട്ടിക്കഴിഞ്ഞാൽ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതാണ്. പ്രസ്തുത പഠനത്തിന്റെ വെളിച്ചത്തിൽ പെരിയാർ ടൈഗർ റിസർവ്വ് (PTR)-ൽ ആവശ്യമുള്ള സ്ഥലം (ഡാം നിർമ്മാണത്തിനു വേണ്ടി) കൈമാറ്റം ചെയ്തു കിട്ടുന്നതിന് കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് അനുമതിയും കൂടാതെ നിയമപരമായ മറ്റെല്ലാ അനുമതികളും (Statutory Clearance) ലഭ്യമായി കഴിഞ്ഞാൽ സ്ഥലം കൈമാറ്റം ചെയ്തു കിട്ടുന്നതനുസരിച്ച് സുപ്രീം കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായി നിർമ്മാണം തുടങ്ങുന്നതുമാണ്. പുതിയ ഡാമിന്റെ മാതൃകാ പഠനം, ഡൈനാമിക് അനാലിസിസ് എന്നിവ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| (ബി) സുപ്രീം കോടതിയുടെ പരിസ്ഥിതി സംബന്ധമായ മേൽനോട്ട സമിതിയുടെ അംഗീകാരം നേടിയെടുക്കുന്നതിനായി സംസ്ഥാന മുല്ലപ്പെരിയാർ സെൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ; | (ബി) | സുപ്രീം കോടതിയുടെ പരിസ്ഥിതി സംബന്ധമായ മേൽനോട്ട സമിതിയുടെ അംഗീകാരം ലഭിക്കുന്നതിനു വേണ്ടി സമർപ്പിക്കാനുള്ള അപേക്ഷയുടെ കരട് മുല്ലപ്പെരിയാർ സ്പെഷ്യൽ സെൽ സുപ്രീം കോടതിയിലെ കേരളത്തിന്റെ സ്റ്റാന്റിംഗ് കൗൺസിലിന്റെ കൂടി സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. അത് എത്രയും പെട്ടെന്ന് കോടതിയിൽ ഫയൽ ചെയ്യുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) പുതിയ അണക്കെട്ടുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാത പഠനത്തിനും കേന്ദ്ര വന്യജീവി ബോർഡിന്റെ അംഗീകാരത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ? | (സി) | പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിനു വേണ്ടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള എൻ.ഒ.സി ആവശ്യമായതിനാൽ എൻ.ഒ.സി-ക്കുള്ള അപേക്ഷ വനം വകുപ്പിന് സമർപ്പിച്ചു. സംസ്ഥാന വന്യജീവി ബോർഡ് (SBWL) പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള അനുമതിക്കായി ശുപാർശ ചെയ്യാൻ തീരുമാനിക്കുകയും സംസ്ഥാന സർക്കാർ പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് 15.02.13-ൽ അയച്ചുകൊടുക്കുകയും ചെയ്തു. ആയത് കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ